(ബി) ഡോക്ടർമാരുടെ ദൗർലഭ്യവും സമീപഭാവിയിൽ പകർച്ച വ്യാധികൾ മുതലായവ നേരിടേണ്ട ആവശ്യവും കണക്കിലെടുത്താണ് ഡോക്ടർമാരുടെ പെൻഷൻ പ്രായം നീട്ടിക്കൊടുത്തത്.

(സി) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ഡോക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

സർക്കാർ കക്ഷിയാവുന്ന കേസ്സുകൾ

134 (4125) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കക്ഷിയാവുന്ന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ ഉദ്യോഗസ്ഥരും, സർക്കാർ അഭിഭാഷകരും കൂടുതൽ ജാഗ്രത പുലർത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകാറുണ്ടോ ;

(ബി) ഓരോ കേസ്സിലും സർക്കാരിനെതിരെ വരുന്ന വിധികൾ പരിശോധിച്ച് അവയിലെ വീഴ്ചകൾ കണ്ടെത്തുന്നതിനും, ഉത്തരവാദികളായവർക്കെതിരെ നടപടി യെടുക്കുന്നതിനും നിലവിൽ സംവിധാനങ്ങളുണ്ടോ;

(സി) ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ കക്ഷിയായ കേസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്താനുള്ള നിർദ്ദേശങ്ങൾ ഈ വകുപ്പിൽ നിന്നും 3-12-2011 തീയതിയിൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി) നമ്പർ 12/2011/നിയമം പ്രകാരമുള്ള സംസ്ഥാന വ്യവഹാര നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഈ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന സർക്കുലറുകളിലൂടെയും, കത്തുകളിലൂടെയും സർക്കാർ അഭിഭാഷകർക്കും, ഉദ്യോഗസ്ഥർക്കും കേസ്സുകൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(ബി) ഉണ്ട്. സർക്കാർ അഭിഭാഷകരുടെ വീഴ്ചമൂലം സംസ്ഥാന താൽപ്പര്യത്തിന് വിരുദ്ധമായി കോടതി വിധികൾ ഉണ്ടാകുകയാണെങ്കിൽ ആ വിധികൾ പരിശോധിച്ച് അത് തിരുത്തേണ്ട നടപടികൾ സ്വീകരിക്കുകയും, വീഴ്ചവരുത്തിയ സർക്കാർ അഭിഭാഷകർക്കെതിരെ സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടം പ്രകാരവും പബ്ലിക് അക്കൗണ്ട്സ് ആക്ട് പ്രകാരവും സ്വീകരിക്കാറുണ്ട്.

(സി) ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly